# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 13<br>November 13 | 2019 |
| --- | --- |

*1193 തുലാം 26 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**നാഷണൽ ട്രസ്റ്റ് പ്രത്യേക ഹിയറിംഗ് ഇന്ന് (14)**

നിയമപരമായ രക്ഷകർത്തൃത്വം അനുവദിക്കുന്നതു സംബന്ധിച്ച നാഷണൽ ട്രസ്റ്റ് പ്രാദേശിക സമിതിയുടെ പ്രത്യേക ഹിയറിംഗ് ഇന്ന് (14) വൈകിട്ട് 3.30ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 3116/19)

**കയർ ഭൂവസ്ത്ര സെമിനാർ ഇന്ന് (14) പത്തനംതിട്ടയിൽ**

കയർ ഭൂവസ്ത്ര സെമിനാർ ഇന്ന് (14) രാവിലെ 10ന് പത്തനംതിട്ട ഹോട്ടൽ ഹിൽപാർക്കിൽ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ തദ്ദേശഭരണസ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, തൊഴിലുറപ്പ് പദ്ധതി, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കും. ഏറ്റവും കൂടുതൽ ഭൂവസ്ത്രം ഉപയോഗിച്ച പഞ്ചായത്തിനെ ജില്ലാ കളക്ടർ പി.ബി. നൂഹ് ആദരിക്കും. 11.30ന് കയർ ഭൂവസ്ത്ര വിതാനം, തൊഴിലുറപ്പും കയർ ഭൂവസ്ത്ര പദ്ധതിയും എന്നീ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിക്കും.

കയർ വ്യവസായത്തെ നഷ്ടത്തിൽ നിന്ന് കരകയറ്റാൻ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർഭൂവസ്ത്ര നിർമാണം. കയർ ഉത്പന്നങ്ങളുടെ ഉപയോഗം പരമാവധി വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇതു നടപ്പാക്കുന്നത്. മണ്ണൊലിപ്പ് തടയുന്നതിനും, ജലാശയങ്ങളുടെ തിട്ട സംരക്ഷിക്കുന്നതിനുമാണ് ഭൂവസ്ത്രം ഉപയോഗിക്കുന്നത്. എം. ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവയുടെ പ്രവർത്തനങ്ങൾ

നടത്തുന്നത്. മുളയാണി കൊണ്ട് മണ്ണിൽ ഉറപ്പിക്കുന്ന ഭൂവസ്ത്രത്തിനിടയിൽ പുല്ലുവെച്ചു പിടിപ്പിക്കുന്നത് വഴി തീരസംരക്ഷണം സാധ്യമാക്കുന്നു. കയർ കോർപറേഷനാണ് പത്തനംതിട്ട ജില്ലയിലെ ഭൂവസ്ത്ര വിതരണത്തിന്റെ അംഗീകൃത ഏജൻസി.

(പിഎൻപി 3117/19)

## വർണോത്സവം – 2019
## ശിശുദിനാഘോഷം ഇന്ന് (14) പത്തനംതിട്ടയിൽ

ജില്ലാ ശിശുക്ഷേമ സമിതി ജില്ലയിലെ വിദ്യാലയങ്ങളുടെയും എൻസിസി, എസ്പിസി കേഡറ്റുമാരുടെയും സഹകരണത്തോടെ നടത്തുന്ന ജില്ലാതല ശിശുദിനാഘോഷം വർണോത്സവം–2019 പത്തനംതിട്ട തൈക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഇന്ന് (14) നടക്കും. ജില്ലാ പോലീസ് മേധാവി ജി.ജയദേവ് പതാക ഉയർത്തും. കുട്ടികളുടെ സ്പീക്കർ പി.ബി.അരവിന്ദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുട്ടികളുടെ പ്രധാനമന്ത്രി ജിയാ സാറാ റെജി പൊതസമ്മേളനം ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ പി.ബി. നൂഹ് ശിശുദിന സന്ദേശം നൽകും. ദേവപ്രിയ ലളിതഗാതവും ഭദ്രയും സംഘവും ദേശഭക്തി ഗാനവും ആലപിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ ചെയർമാൻ പ്രൊഫ.ടി.കെ.ജി.നായർ സ്റ്റാമ്പ് പ്രകാശനം ചെയ്യും. അലീന ജോൺസൺ, അനന്യ എസ്.ലാൽ, സ്നേഹ എസ്.നായർ എന്നിവർ സംസാരിക്കും. എഡിസി (ജനറൽ) കെ.കെ.വിമൽരാജ്, ശിശുക്ഷേമ സമിതി വൈസ്പ്രസിഡന്റ് പ്രൊഫ.കെ.മോഹൻകുമാർ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്യും. ശിശുദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ എട്ടിന് കളക്ടറേറ്റിൽ നിന്നും ആരംഭിക്കുന്ന കുട്ടികളുടെ ഘോഷയാത്ര ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഫ്ളാഗ് ഓഫ് ചെയ്യും. (പിഎൻപി 3118/19)

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാലയം പ്രതിഭകളോടൊപ്പം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇന്ന് (14) മുതൽ 28 വരെ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വൈവിധ്യമാർന്നതും പുതുമയാർന്നതുമായ പരിപാടിയാണ് 'വിദ്യാലയം പ്രതിഭകളോടൊപ്പം'. ഇതനുസരിച്ച് ഓരോ വിദ്യാലയത്തിലേയും തെരഞ്ഞെടുക്കപ്പെട്ട പത്തോ, പതിനഞ്ചോ കുട്ടികൾ ആ സ്കൂളിന്റെ സമീപത്തുള്ള ശാസ്ത്രം, കല, സാഹിത്യം, സ്പോർട്സ് ഇവയിൽ പ്രശസ്തരായ വ്യക്തികളുടെ വീട്ടിലേക്ക് ചെന്ന് അവരെ ആദരിക്കും. പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന നന്മകൾ സമൂഹവുമായി പങ്ക് വെയ്ക്കുന്നതിനും പ്രതിഭകളുടെ അറിവും അനുഭവും വിദ്യാലയങ്ങൾക്ക് ഉപയുക്തമാക്കുന്നതിനുമാണ് പരിപാടി.

പ്രതിഭകളുടെ വീടുകളിൽ ചെല്ലുന്നതിനു മുമ്പ് വിദ്യാഭ്യാസ മന്ത്രിയുടെ കത്ത് നൽകി മുൻകൂട്ടി അറിയിച്ച ശേഷമാണ് കുട്ടികൾ പോകുക. ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാർ മുതൽ പ്രധാനാധ്യാപകൻ, പ്രിൻസിപ്പാൾ തുടങ്ങി വിദ്യാഭ്യാസ മേഖലയിലെ എല്ലാ ഓഫീസർമാരും പദ്ധതിയിൽ പങ്കാളികളാവും.

പൂർണ്ണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ടായിരിക്കും പരിപാടി സംഘടിപ്പിക്കുക. തങ്ങളുടെ വീട്ടിലോ, സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനത്തിൽ ഉണ്ടായതോ ആയ പൂക്കളുമായിട്ടായിരിക്കും വിദ്യാർഥികൾ പ്രതിഭകളെ ആദരിക്കാൻ പോകുക. ലിറ്റിൽ കൈറ്റ്സിലെ കുട്ടികളെ പ്രയോജനപ്പെടുത്തി ഫോട്ടോ, വീഡിയോ എന്നിവ എടുക്കാനുള്ള നടപടികളും സ്വീകരിക്കും.

പരിപാടി വിജയിപ്പിക്കുവാൻ ആവശ്യമായ നടപടികൾ ജില്ലാ തലത്തിൽ ചേർന്ന ഉദ്യോഗസ്ഥ യോഗം ആസൂത്രണം ചെയ്തു. ചെങ്ങന്നൂർ റീജിയൻ ഹയർ സെക്കൻഡറി ഡെപ്യൂട്ടി ഡയറക്ടർ ഡോ.ജീജ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പി.എ ശാന്തമ്മ, പത്തനംതിട്ട ഡി.ഇ.ഒ വത്സല, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ–ഓർഡിനേറ്റർ എസ്.രാജേഷ്,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായ വി.എൻ.പ്രദീപ്, എൻ.അനിൽകുമാർ, ബി.വിജയലക്ഷ്മി, ബി.ആർ.അനില, വി.നളിനി, സുമയ്യാ ബീഗം എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. (പിഎൻപി 3119/19)

**ലോക കേരള സഭ പ്രസിദ്ധീകരണം :**
**പ്രവാസി മലയാളികളിൽ നിന്നും രചനകൾ ക്ഷണിച്ചു**

ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന മലയാളികളുടെ കുട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രുപീകരിച്ച ലോക കേരള പ്രസിദ്ധീകരണത്തിലേക്ക് പ്രവാസി മലയാളികളിൽ നിന്നും രചനകൾ ക്ഷണിച്ചു. കഥ, കവിത, ലേഖനം, പഠനങ്ങൾ, യാത്രാവിവരണം, പ്രവാസാനുഭവങ്ങൾ, ചിത്രങ്ങൾ, കാർട്ടൂൺ എന്നിവ നൽകാം. രചനകൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആകാം. ഡിസംബർ ഒന്നിനകം lkspublication2020@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ രചനകൾ സമർപ്പിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

(പിഎൻപി 3120/19)

**ആരും ഒറ്റയ്ക്കല്ല സമൂഹം കൂടെയുണ്ട്**
**കുടുംബശ്രീ സ്നേഹിത കോളിംഗ് ബെൽ പദ്ധതി**

ഒറ്റയ്ക്ക് താമസിക്കുന്നവരും സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽ ഉള്ളവർക്കുമായി കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന സ്നേഹിത കോളിംഗ് ബെൽ പദ്ധതി വാരാചരണം നാളെ (15) മുതൽ 21 വരെ നടക്കും. കുടുംബശ്രീ മിഷന്റെ ജെൻഡർ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് വാരാചരണം നടത്തുന്നത്. സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്കും മുതിർന്ന പൗരൻമാർക്കും ശ്രദ്ധയും പരിചരണവും നൽകുന്നതിന് പൊതുസമൂഹത്തിന്റെയും വിവിധ സന്നദ്ധ സംഘടകളുടേയും ജനപ്രതിനിതികളുടേയും സഹകരണവും പിന്തുണയും ഏകോപിപ്പിക്കുന്നതിനാണ് സ്നേഹിത കോളിംഗ് ബെൽ വാരാചരണം സംഘടിപ്പിക്കുന്നത്. ജില്ലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്ന ആദ്യ സർവേയിൽ 2431 അംഗങ്ങളെയാണ് കണ്ടെത്തിയിരിക്കുന്നത്. ഇനിയും ലിസ്റ്റിൽ ഉൾപ്പെടാത്തവരെ വാരാചരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തും. ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായും യുവജനങ്ങളെ സമീപത്തുള്ള വായനശാല, സാസംകാരിക സ്ഥാപനങ്ങളുമായും, വൃദ്ധജനങ്ങളെ വയോജന അയൽക്കൂട്ടങ്ങളുമായും, പകൽ വീടുകളുമായും ബന്ധപ്പെടുത്തും. ഇവർക്ക് മാനസിക ഉല്ലാസത്തിന് സംവിധാനം ഒരുക്കും. ഉപജീവന മാർഗങ്ങളിൽ ഏർപ്പെടാൻ കഴിയുന്നവർക്ക് അതിനുള്ള പ്രേരണയും പരിശീലനവും നൽകും. ഇവരെ വിവിധ ക്ഷേമപദ്ധതികളുമായി ബന്ധിപ്പിക്കു. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഓരോ അയൽക്കൂട്ട പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ പട്ടിക തയാറാക്കും.

വാരാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ തലത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം, തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടേയും ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷരുടെയും ശില്പശാല, പഞ്ചായത്ത് തല, വാർഡ് തല യോഗങ്ങൾ, പഞ്ചായത്ത് തലത്തിൽ സംഘാടക സമിതി രൂപീകരണം, വിവിധ പ്രചരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. വാരാചരണ പരിപാടികളിൽ ആന്റോ ആന്റണി എംപി, എംഎൽഎമാരായ ചിറ്റയം ഗോപകുമാർ, രാജു ഏബ്രഹാം, മാത്യു.ടി തോമസ്, അഡ്വ.കെ യു ജനീഷ് കുമാർ തുടങ്ങിയവർ പങ്കെടുക്കുകയും സ്വീകർത്താക്കളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. (പിഎൻപി 3121/19)

## ക്വട്ടേഷന്‍

തോട്ടപ്പുഴശേരി, മലയാലപ്പുഴ സി.ഡി.എസുകളില്‍ കോള്‍ഡ് സ്റ്റോറേജ് നിര്‍മിച്ച് നല്‍കുന്നതിന് കുടുംബശ്രീ ജില്ലാ മിഷന്‍ ക്വട്ടേഷന്‍ ക്ഷണിച്ചു. ക്വട്ടേഷന്‍ ഈ മാസം 20ന് വൈകിട്ട് നാല് വരെ സ്വീകരിക്കും. ഫോണ്‍: 8848364413, 9495374394.

(പിഎന്‍പി 3122/19)

## ഡേറ്റാ എന്‍ട്രി ആന്‍ഡ് ഓഫീസ് ഓട്ടോമേഷന്‍ കോഴ്സ്

അടൂര്‍ എല്‍ബിഎസ് സബ് സെന്ററില്‍ ആരംഭിക്കുന്ന മൂന്ന് മാസം ദൈര്‍ഘ്യമുള്ള ഡേറ്റാ എന്‍ട്രി ആന്‍ഡ് ഓഫീസ് ഓട്ടോമേഷന്‍ കോഴ്സിന് അംഗപരിമിതര്‍ക്ക് അപേക്ഷിക്കാം. ഫീസ് സൗജന്യമാണ്. ഫോണ്‍: 9947123177. (പിഎന്‍പി 3123/19)

## ലാപ്ടോപ്പ് വിതരണം ചെയ്തു

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വാര്‍ഷിക പദ്ധതിയിലുള്‍പ്പെടുത്തി പട്ടികജാതി വിഭാഗത്തില്‍പ്പെട്ട കുട്ടികള്‍ക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ബിരുദതലം മുതല്‍ മുകളിലോട്ടുള്ള 15 വിദ്യര്‍ഥികള്‍ക്കാണ് ലാപ്ടോപ്പ് നല്‍കിയത്. പദ്ധതി വിഹിതത്തില്‍ നിന്നും 583530 രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തില്‍ പ്രസിഡന്റ് ലിസിമോള്‍ ജോസഫിന്റെ അധ്യക്ഷതയില്‍ നടന്ന ചടങ്ങില്‍ വൈസ്പ്രസിഡന്റ് വൈ.മണിലാല്‍, സ്ഥിരം സമിതി അധ്യക്ഷരായ ഷൈജു, അമ്പിളി ജി.നായര്‍, അംഗങ്ങളായ എം.പി.ജോസ്, പ്രമോദ് എസ്.ചന്ദ്രന്‍, ശ്രീരേഖ, പ്രസന്നരാജന്‍, ലിസി ജോണ്‍സണ്‍, രാധാവേണു, മനോഹരന്‍, സാറാമ്മ സജി, ലേഖ ജയകുമാര്‍, ജെയ്സി കോശി, സെക്രട്ടറി പി.നന്ദകുമാര്‍, അസിസ്റ്റന്റ് സെക്രട്ടറി എസ്.എല്‍ സുമ, വി.ആര്‍.അനുപമ എന്നിവര്‍ പങ്കെടുത്തു. (പിഎന്‍പി 3124/19)

## റേഷന്‍ കാര്‍ഡ് കൈപ്പറ്റണം

റേഷന്‍കാര്‍ഡ് സംബന്ധമായി മതിയായ രേഖകള്‍ സഹിതം കോന്നി താലൂക്ക് സപ്ലൈ ആഫീസില്‍ സമര്‍പ്പിച്ച എല്ലാ അപേക്ഷകളിലും തീര്‍പ്പ് കല്‍പ്പിച്ച സാഹചര്യത്തില്‍ ഇതുവരെയും ആഫീസിലെത്തി റേഷന്‍കാര്‍ഡ് കൈപ്പറ്റാത്തവര്‍ ഈ മാസം 30നകം കൈപ്പറ്റണം. നിശ്ചിത സമയപരിധിക്കകം കൈപ്പറ്റാത്ത റേഷന്‍ കാര്‍ഡുകള്‍ റദ്ദ് ചെയ്യും. ആവശ്യമായ രേഖകള്‍ സഹിതം ഓണ്‍ലൈനായി അപേക്ഷിക്കുന്നവര്‍ക്ക് അന്നുതന്നെ റേഷന്‍കാര്‍ഡ് ലഭിക്കുന്നതിനുള്ള സംവിധാനം ഏര്‍പ്പെടുത്തിയിട്ടുള്ളതായി താലൂക്ക് സപ്ലൈ ആഫീസര്‍ അറിയിച്ചു. (പിഎന്‍പി 3125/19)

## ഓണ്‍ ലൈന്‍ ബോധവത്ക്കരണ സെമിനാര്‍

വളര്‍ച്ച മുരടിക്കല്‍ (ഡ്വാര്‍ഫിസം) എന്ന വിഷയത്തെ സംബന്ധിച്ച് നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂഷന്‍ ഓഫ് സ്പീച്ച് ആന്‍ഡ് ഹിയറിംഗ് (നിഷ്)ന്റെ സഹകരണത്തോടെ ജില്ലാ ചൈല്‍ഡ് പ്രൊട്ടക്ഷന്‍ യൂണിറ്റിന്റെ ആഭിമുഖ്യത്തില്‍ 16ന് ഓണ്‍ലൈന്‍ ബോധവത്ക്കരണ സെമിനാര്‍ നടത്തും. ആറന്മുള മിനി സിവില്‍ സ്റ്റേഷനില്‍ പ്രവര്‍ത്തിക്കുന്ന ജില്ലാ ചൈല്‍ഡ് പ്രൊട്ടക്ഷന്‍ യൂണിറ്റില്‍ രാവിലെ 10ന് സെമിനാര്‍ ആരംഭിക്കും. ആദ്യം രജിസ്റ്റര്‍ ചെയ്യുന്ന 20 പേര്‍ക്ക് പരിപാടിയില്‍ പങ്കെടുക്കാം. ഫോണ്‍: 0468-2319998. (പിഎന്‍പി 3126/19)

## ഫോട്ടോ അടിക്കുറിപ്പ്

1) വള്ളിക്കോട് ഗ്രാമപഞ്ചായത്തില്‍ വിതരണം ചെയ്ത ലാപ്ടോപ്പുമായി വിദ്യാര്‍ഥികള്‍

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 13<br>November 13 | 2019 |
|---|---|

*1193 തുലാം 26 ചൊവ്വ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

***ശബരിമല പ്രത്യേക പത്രക്കുറിപ്പ്***

**ശബരിമല തീർഥാടനം: നിലയ്ക്കലിൽ വിശാലമായ പാർക്കിംഗ് സൗകര്യം**

മണ്ഡല–മകരവിളക്ക് മഹോത്സവ സീസണിൽ ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകരുടെ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ നിലയ്ക്കലിൽ വിശാലമായ പാർക്കിംഗ് സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. പാർക്കിംഗിനായി 300 ഏക്കർ സ്ഥലമാണ് ലഭ്യമാക്കിയിട്ടുള്ളത്.

കഴിഞ്ഞ വർഷം 17 പാർക്കിംഗ് ഗ്രൗണ്ടുകളിലായി ഒരേസമയം 9000 വാഹനങ്ങൾക്കാണ് ഇവിടെ പാർക്ക് ചെയ്യാൻ സൗകര്യമുണ്ടായിരുന്നത്. ഇത്തവണ ഇതിനുപുറമേ 20,000 മുതൽ 30,000 വരെ ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിലയ്ക്കൽ ഗോശാലയ്ക്ക് സമീപം പുതിയതായി പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഭാഗത്തേക്ക് വാഹനങ്ങൾക്ക് എത്തുന്നതിനു പ്രത്യേകം പാതയും ഒരുക്കുന്നുണ്ട്. ഈ പാർക്കിംഗ് സൗകര്യം ഉൾപ്പെടെ ഒരേസമയം ചെറുതും വലുതുമായ 12,000 മുതൽ 15,000 വാഹനങ്ങൾ നിലയ്ക്കലിലെ വിവിധ സ്ഥലങ്ങളിൽ പാർക്ക് ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

നിലയ്ക്കൽ നിന്ന് പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി ബസുകൾ മാത്രമാകും അനുവദിക്കുക. നിലയ്ക്കലിൽ തീർഥാടകർക്കായി 970 ശൗചാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ളത്തിനായി നിലയ്ക്കലിൽ 130 വാട്ടർ കിയോസ്ക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. തീർഥാടകർക്ക് വിരിവെക്കാനുള്ള സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്.

മറ്റ് ജില്ലകളിൽ നിന്നും സംസ്ഥാനത്തിനു പുറത്തുനിന്നും ഉൾപ്പെടെ ചെറുതും

വലുതുമായ ഒരു കോടിയോളം വാഹനങ്ങൾ ശബരിമല സീസൺ കാലയളവിൽ നിലയ്ക്കൽ ഭാഗത്തേക്ക് എത്തുമെന്നാണു പ്രതീക്ഷിക്കുന്നത്. തീർഥാടകരുടെ യാത്ര സുരക്ഷിതമാക്കുന്നതിന് 400 കിലോമീറ്റർ വ്യാപ്തിയിൽ സേഫ് സോൺ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനും തകരാറുണ്ടാകുന്ന വാഹനങ്ങൾ മാറ്റി ഗതാഗത തടസം ഒഴിവാക്കി അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സൗകര്യവും സേഫ് സോൺ പദ്ധതിയിലൂടെ ലഭ്യമാകും.

(പ്രത്യേക പത്രക്കുറിപ്പ്: 12/19)

## ശബരിമല തീർഥാടനം: ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയുടെ വൻ സംവിധാനം

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയുടെ വിപുലമായ സംവിധാനം ഒരുങ്ങി. ശബരിമല തീർഥാടകർക്ക് ശുദ്ധജലം വിതരണം നടത്താൻ വാട്ടർ അതോറിറ്റിയുടെ 13 എം.എൽ.ഡി ഉത്പാദന ശേഷിയുള്ള കുടിവെള്ള പദ്ധതിയാണ് ശബരിമലയിൽ ഒരുക്കിയിരിക്കുന്നത്. പമ്പ ത്രിവേണിയിൽ സ്ഥിതിചെയ്യുന്ന ഇൻടെയ്ക്ക് പമ്പ് ഹൗസിൽ നിന്ന് പ്രഷർ ഫിൽട്ടർ വഴി ശുദ്ധീകരിച്ച് ജലം പമ്പയിലെ ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ ചെയ്ത് പമ്പ മേഖലയിലും നീലിമല ബോട്ടം പമ്പ് ഹൗസിലും എത്തിക്കും. തുടർന്ന് നീലിമല ടോപ്പ് പമ്പ് ഹൗസ്, അപ്പാച്ചിമേട് പമ്പ് ഹൗസ് വഴി ശരംകുത്തി സംഭരണിയിലും സന്നിധാനം ദേവസ്വം സംഭരണികളിലേക്കും ശേഖരിച്ച് സന്നിധാനത്തും കാനന പാതയിലും വിതരണം ചെയ്യും. പമ്പ മുതൽ ശരംകുത്തി വരെ എട്ട് സംഭരണികളിലായി 68 ലക്ഷം ലിറ്റർ ജലം സംഭരിക്കും. ശബരിമല, പാണ്ടിത്താവളം എന്നിവിടങ്ങളിൽ ട്രാവൻകൂർ ദേവസ്വം ബോർഡ് ആറ് ടാങ്കുകളിൽ ജലം സംഭരിച്ച് വിതരണം നടത്തും.

പമ്പ മുതൽ സന്നിധാനം വരെ താൽകാലിക ടാപ്പുകൾ സ്ഥാപിക്കും. കിയോസ്ക്കുകളിലേക്കും ശൗചാലയങ്ങളിലേക്കും എല്ലാ സർക്കാർ, അർദ്ധ സർക്കാർ, ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലേക്കും ശുദ്ധജലമെത്തിക്കുന്നതും വാട്ടർ അതോറിറ്റിയാണ്.

സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് ഭാഗം വരെയും ദേവസ്വം ബോർഡ് സ്ഥാപിക്കുന്ന ഇ–ടോയ്‌ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിലും ആവശ്യാനുസരണം വെള്ളം വിതരണം ചെയ്യും.

തീർഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ശബരിമലയിൽ ജല അതോറിറ്റി റിവേഴ്സ് ഓസ്മോസിസ്(ആർ.ഒ) പ്ലാന്റുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച് കിയോസ്ക്കുകളിലൂടെ ജലം വിതരണം നടത്തും. മണിക്കൂറിൽ 35000 ലിറ്റർ ശുദ്ധജലം ഈ പ്ലാന്റ് വഴി വിതരണം ചെയ്യും. ഈ പ്ലാന്റുകളിൽ നിന്നും പൈപ്പുകൾ സ്ഥാപിച്ച് കിയോസ്ക്കുകൾ വഴി തീർഥാടകർക്ക് ആവശ്യമായ കുടിവെള്ള വിതരണം ചെയ്യും.

ആർ.ഒ പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ജലത്തെ ചൂട്,തണുപ്പ്, സാധാരണ എന്നീ മൂന്ന് അവസ്ഥകളിൽ വിതരണം നടത്താൻ സാധിക്കുന്ന 12 ഹോട്ട്, കോൾഡ്, നോർമൽ വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സെൻസർ ടാപ്പോടുകൂടിയ 10 ഹോട്ട്, കോൾഡ്, നോർമൽ വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കും.

ചാലക്കയം, നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ, ഇലവുങ്കൽ, നാറാണംതോട് എന്നിവിടങ്ങളിലെ ഇടത്താവളങ്ങളിലേക്കും പോലീസ് ക്യാമ്പുകളിലേക്കും പമ്പയിൽ നിന്നും ടാങ്കർ ലോറികളിൽ ശുദ്ധജലമെത്തിക്കും. നിലയ്ക്കൽ ബേസ് ക്യാമ്പിൽ വാട്ടർ അതോറിറ്റിയുടെ 3*1000 എൽ.പി.എച്ച് ശേഷിയുള്ള ആർ.ഒ പ്ലാന്റുകൾക്കു പുറമെ, ടാറ്റ കൺസൽട്ടൻസി സ്ഥാപിച്ച 25*1000 എൽ.പി.എച്ച് ശേഷിയുള്ള ആർ.ഒ പ്ലാന്റുകളിൽ നിന്നുള്ള ജലം വിതരണം നടത്തുന്നതിന് 20 കിലോമീറ്റർ നീളത്തിൽ എച്ച്.ഡി.പി.ഇ

പൈപ്പുകളും 150 കിയോസ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

നിലയ്ക്കലിൽ ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം പമ്പയിൽ നിന്നും സമാന്തരമായി സീതത്തോട്ടിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കും. നിലയ്ക്കലിൽ 65 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായി ദേവസ്വം ബോർഡിന്റെ 40 ലക്ഷം ലിറ്റർ ടാങ്ക് ഉണ്ട്. ഇതിനു പുറമെ അഞ്ച് ലക്ഷത്തിന്റെ മൂന്ന് സ്റ്റീൽ ടാങ്കുകളും 5000 ലിറ്ററിന്റെ 215 എച്ച്.ഡി.പി.ഇ ടാങ്കുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച്, സീതത്തോട്ടിൽ നിന്നും പമ്പയിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ളം ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം എത്തിച്ച് വിതരണം ചെയ്യും. പെരുനാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറി വഴി വെള്ളമെത്തിക്കും.

**ജലത്തിന്റെ ഗുണനിലവാരം**

ജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി പ്രഷർ ഫിൽട്ടർ സംവിധാനമാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ നിന്നും ശുദ്ധീകരിച്ച ജലം എല്ലാ പമ്പ് ഹൗസിലും ഇലക്ട്രോക്ളോറിനേഷനിലൂടെ അണുനശീകരണം നടത്തും. ഗുണനിലവാരം ഓരോ മണിക്കൂർ ഇടവിട്ട് നിരീക്ഷിക്കുവാൻ പമ്പയിൽ ലബോറട്ടറിയും ജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ അസി.എഞ്ചിനീയറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമും പ്രവർത്തിക്കും. ഈ ജലത്തെ വീണ്ടും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് വഴി ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ വിതരണം നടത്തും. ഈ പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ശുദ്ധജലം സെൻട്രൽ പൊതുജന ആരോഗ്യ പരിസ്ഥിതി എഞ്ചിനീയറിംഗ് ഓർഗനൈസേഷനും ലോക ആരോഗ്യ സംഘടനയും നിഷ്കർഷിക്കുന്ന നിലവാരം പുലർത്തുന്നതാണ്.

കുടിവെള്ളം പമ്പയിലുള്ള വാട്ടർ അതോറിറ്റിയുടെ അത്യാധുനിക ലബോറട്ടറിയിൽ കർശന പരിശോധന നടത്തിയശേഷമാണ് വിതരണം നടത്തുന്നത്. ഇൻടേക്ക് പമ്പ്ഹൗസ് പരിസരത്തേക്ക് ആളുകൾ കടന്നു മാലിന്യം ഉണ്ടാകാതിരിക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ കിയോസ്ക്കുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

പമ്പയിലും ശബരിമലയിലുമുള്ള വിവിധ പമ്പ് ഹൗസുകളിലെ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രോക്ലോറിനേറ്ററിന്റെയും അറ്റകുറ്റപ്പണികളും ആർ.ഒ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും തീർഥാടനത്തിന് മുന്നോടിയായി നടത്തിയിട്ടുണ്ട്. അതോടൊപ്പം വാട്ടർ ഡിസ്പെൻസറുകളുടെയും (ഹോട്ട്, കോൾഡ്, നോർമൽ) ടാറ്റ പ്രോജക്റ്റ് സ്ഥാപിച്ച 25 ആർ.ഒ പ്ലാന്റുകളുടെയും അറ്റകുറ്റപ്പണികളും നടത്തി.

(പ്രത്യേക പത്രക്കുറിപ്പ് 13/19)

## ഭക്തർക്കായി കെഎസ്ആർടിസി യുടെ വിപുലമായ സംവിധാനം

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ നിന്ന് പമ്പയിലേക്ക് 200 ബസുകൾ ചെയിൻ സർവീസ് നടത്തും. 160 നോൺ എ.സി, 40 എ.സി ബസുകളാണ് സർവീസ് നടത്തുക. ഇതു കൂടാതെ 10 ഇലക്ട്രിക് ബസുകളും ചെയിൻ സർവീസ് നടത്തും.

ദീർഘദൂര സ്ഥലങ്ങളിലേക്ക് ആവശ്യാനുസരണം പമ്പയിൽ നിന്ന് 50 ബസുകൾ അധിക സർവീസുകൾ നടത്തും. ദീർഘദൂര ബസുകൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

ശബരിമല സ്പെഷ്യൽ ഓപ്പറേഷൻ സെന്ററുകളായ തിരുവനന്തപുരം, അടൂർ, കൊട്ടാരക്കര, പന്തളം, ചെങ്ങന്നൂർ, കോട്ടയം, എരുമേലി, കുമളി, എറണാകുളം, പത്തനംതിട്ട ഡിപ്പോകളിൽ നിന്നും 179 ബസുകൾ പമ്പയിലേക്ക് സ്പെഷ്യൽ സർവീസ് നടത്തും.

തെങ്കാശി, തിരുന്നൽവേലി, പളനി, കോയമ്പത്തൂർ എന്നിവിടങ്ങളിലേക്ക് ആവശ്യാനുസരണം അന്തർസംസ്ഥാന ബസും സർവീസ് നടത്തുമെന്ന് പമ്പ സ്പെഷ്യൽ ഓഫീസർ

സുനിൽകുമാർ അറിയിച്ചു. ഈ മാസം 16 മുതൽ ചെയിൻ സർവീസ് ഉൾപ്പെടെയുള്ളവ ആരംഭിക്കുവാനാണ് തീരുമാനമെങ്കിലും ഭക്തർ എത്തിയാൽ 15 മുതൽ സർവീസ് തുടങ്ങും. (പ്രത്യേക പത്രക്കുറിപ്പ് 14/19)

## സന്നിധാനത്ത് 17000 പേർക്ക് വിരിവയ്ക്കാൻ സൗകര്യം

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് സന്നിധാനത്ത് 17000 ഭക്തർക്ക് ഒരേസമയം വിരിവയ്ക്കാനുള്ള സൗകര്യം. സൗജന്യമായും നിശ്ചിത നിരക്കിലും ഈ സൗകര്യം തീർഥാടകർക്ക് ഉപയോഗിക്കാം. സന്നിധാനത്ത് നടപന്തൽ, ലോവർ ഫ്ളൈ ഓവർ, മാളികപ്പുറം നടപ്പന്തൽ, മാവുണ്ട നിലയം, വലിയ നടപ്പന്തൽ, വലിയ നടപ്പന്തൽ ഫ്ളൈ ഓവർ, ലോവർ പോർഷൻ എന്നിവിടങ്ങളിലായാണു വിരിവയ്ക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നതെന്ന് ദേവസ്വം ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ഹരീഷ്കുമാർ പറഞ്ഞു.

പമ്പയിൽ രാമമൂർത്തിമണ്ഡപം ഉണ്ടായിരുന്ന സ്ഥലത്ത് 3000 പേർക്ക് വിരിവയ്ക്കാനായുള്ള താത്കാലിക സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ പി.പി ഷാജിമോൻ പറഞ്ഞു. പമ്പയിലെ ആഞ്ജനേയ ഓഡിറ്റോറിയത്തിൽ 300 പേർക്കും വിരിവയ്ക്കാം. കൂടാതെ പമ്പ ദേവസ്വം ബോർഡ് പാലം മുതൽ 100 മീറ്റർ നീളത്തിലും എട്ട് മീറ്റർ വീതിയിലും തീർഥാടകർക്ക് താത്കാലിക നടപന്തലും ഒരുക്കിയിട്ടുണ്ട്. നിലയ്ക്കലിൽ ആറ് നടപ്പന്തലാണ് ഒരുക്കിയിട്ടുള്ളത്.

(പ്രത്യേക പത്രക്കുറിപ്പ് 15/19)

## സന്നിധാനത്ത് ആയിരത്തോളം സൗജന്യ ശൗചാലയങ്ങൾ

സന്നിധാനത്ത് എത്തുന്ന തീർഥാടകർക്കായി 998 സൗജന്യ ശൗചാലയങ്ങൾ ഒരുങ്ങി. 479 സ്ഥിരം ശൗചാലയങ്ങളും 500 കണ്ടെയ്നർ ശൗചാലയങ്ങളും ഉൾപ്പെടെയാണ് സൗജന്യ ശൗചാലയങ്ങളെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് എഞ്ചിനിയർ ഹരീഷ് കുമാർ പറഞ്ഞു. ഇതുകൂടാതെ പേയ്ഡ് ടോയ്‌ലറ്റുകളും ഉണ്ട്. പമ്പയിൽ 322 പേയ്ഡ് ടോയ്‌ലറ്റുകളും 60 സൗജന്യ ബയോ ശൗചാലയങ്ങളും 40 ബയോ മൂത്രപ്പുരകളും ഒരുക്കിയിട്ടുണ്ട്. പമ്പയിൽ സ്ത്രീകൾക്കായി 66 ശൗചാലയങ്ങളും സജ്ജമാക്കിയിട്ടുണ്ട്

നിലയ്ക്കലിൽ 970 ശൗചാലയങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ്ത്രീകൾക്കായി രണ്ട് ബ്ലോക്കുകളിലായി 80 ശൗചാലയങ്ങൾ പ്രത്യേകം ഒരുക്കിയിട്ടുണ്ട്. ഇതിൽ അഞ്ഞൂറോളം സൗജന്യ ശൗചാലയങ്ങളും 470 പേയ്ഡ് ശൗചാലയങ്ങളുമാണ്.

(പ്രത്യേക പത്രക്കുറിപ്പ് 16/19)

## ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്ഷേമനിധി ബോർഡ് നൽകിവരുന്ന വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് എന്നിവയ്ക്കും വഴിയോര ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ബീച്ച് അംബ്രല്ലയ്ക്കും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഈ മാസം 30 വരെ ജില്ലാ ഓഫീസിൽ സ്വീകരിക്കും.

ക്ഷേമനിധി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി ഡിസംബർ ഒന്നിന് സംഘടിപ്പിക്കുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 27ന് മുമ്പ് അപേക്ഷ നൽകണം. അപേക്ഷാ ഫോറവും കൂടുതൽ വിവരവും ക്ഷേമനിധി ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2222709. (പിഎൻപി: 3127/19)

## സസ്പെൻഡ് ചെയ്തു

നരിയാപുരം പോസ്റ്റ് ഓഫീസിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന പത്തനംതിട്ട ദേശീയ സമ്പാദ്യപദ്ധതി ഓഫീസിലെ മഹിളാപ്രധാൻ ഏജന്റ് മേരിജോണിനെ ഏജൻസി

വിരുദ്ധ പ്രവർത്തനം നടത്തിയതിനെത്തുടർന്ന് സസ്പെൻഡ് ചെയ്തു. നിക്ഷേപകർ മേരിജോണുമായി ഇടപാടുകൾ നടത്തരുതെന്ന് ദേശീയ സമ്പാദ്യപദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. (പിഎൻപി 3128/19)

## ലാബ് ടെക്നീഷ്യൻ ഒഴിവ്

ഓമല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നു. അംഗീകൃത കോളജുകളിൽ നിന്നും ബിഎസ്സി എംഎൽറ്റി, ഡിഎംഎൽറ്റി പാസായവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 21ന് രാവിലെ 11.30ന് ആശുപത്രിയിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0468 2356341. (പിഎൻപി 3129/19)

## ലേലം

ഉപയോഗശൂന്യമായ നാല് വാട്ടർ ടാങ്കുകൾ ഈ മാസം 29ന് രാവിലെ 11ന് കോഴഞ്ചേരി താലൂക്കാഫീസിൽ ലേലം ചെയ്യും. ഫോൺ: 0468 2222221.

(പിഎൻപി 3130/19)

## സൗജന്യ തയ്യൽ പരിശീലനം

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ തയ്യൽ പരിശീലനത്തിന് എസ്.സി, എസ്.റ്റി, ബിപിഎൽ, പൊതുവിഭാഗം-സബ്സിഡി കാർഡ് ഉടമകൾക്ക് അപേക്ഷിക്കാം. പ്രായം 18നും 45നും മധ്യേ ആയിരിക്കണം. പരിശീലന കാലാവധി 30 ദിവസമാണ്. ഫോൺ: 0468 2270244, 2270243.

(പിഎൻപി 3131/19)

## ലൈഫ് ഗാർഡ് നിയമനം

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ കടവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നു. 50ന് താഴെ പ്രായമുള്ള, നീന്തൽ അറിയാവുന്നവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ 16ന് പകൽ രണ്ടിന് മുമ്പ് പഞ്ചായത്ത് ഓഫീസിൽ അപേക്ഷിക്കണം. (പിഎൻപി 3132/19)

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ കഴിഞ്ഞ മാർച്ച് വരെ അംഗത്വമെടുത്ത തൊഴിലാളികളുടെ മക്കൾക്കുള്ള 2019-20 വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് ഈ മാസം 30 വരെ അപേക്ഷിക്കാം. വാർഷിക പരീക്ഷയ്ക്ക് 50 ശതമാനം മാർക്ക് നേടിയ, എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്ക് വരെ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർ സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റ് ക്വോട്ടയിൽ പ്രവേശനം നേടിയവരായിരിക്കണം. അപേക്ഷാഫോറം **kmtwwfb.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2320158.

(പിഎൻപി 3133/19)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **നവംബർ 13**<br>**November 13** | **2019** |

***1193 തുലാം 26 ചൊവ്വ***

# പത്രക്കുറിപ്പ് -3

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657**

**ബാലവേല നിരോധനം**

ബാലവേല (നിരോധനവും നിയന്ത്രണവും) നിയമപ്രകാരം ബാലവേല നിരോധിച്ചിട്ടുള്ളതാണ്. ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നിയമ ലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തൊഴിലുടമയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. (പിഎൻപി 3134/19)

**വാക്ക്– ഇൻ – ഇന്റർവ്യൂ**

പ്രധാനമന്ത്രി കൃഷി സിൻചായ് യോജന പദ്ധതിയിൻ കീഴിൽ മല്ലപ്പള്ളി, കോയിപ്രം ബ്ലോക്കുകളിൽ ഓരോ എൻജിനീയറെ വീതം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അഗ്രികൾച്ചർ എൻജിനീയറിംഗ്/സിവിൽ എൻജിനീയറിംഗിൽ ബി.ടെക് ബിരുദമാണ് യോഗ്യത. നീർത്തട പരിപാലന പദ്ധതിയിൽ പരിചയമുള്ളവർക്ക് മുൻഗണന ലിക്കും. താത്പര്യമുള്ളവർ അപേക്ഷ, ബയോഡേറ്റ, യോഗ്യത, പ്രവൃത്തിപരിചയം, വയസ്, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഈ മാസം 27ന് രാവിലെ 9.30ന് കളക്ടറേറ്റിൽ എഡിഎംന്റെ ചേംബറിൽ ഹാജരാകണം. കൂടുതൽ വിവരം ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ ലഭിക്കും. ഫോൺ: 0468 2962686. (പിഎൻപി 3135/19)

***ശബരിമല പ്രത്യേക പത്രക്കുറിപ്പ്***

**ശബരിമല: ആരോഗ്യ വകുപ്പ് മുന്നൊരുക്കങ്ങൾ പൂർത്തിയായി**

ഈ വർഷത്തെ ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പ് നടത്തേണ്ട

മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. തീർഥാടകർക്ക് ഉത്സവകാലത്ത് ഉടനീളം മികച്ച ആരോഗ്യ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കും.

പമ്പ മുതൽ സന്നിധാനം വരെയുള്ള ആശുപത്രികളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചു. ഫീൽഡ് സ്റ്റാഫ്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലുള്ള ജീവനക്കാരുടെ നിയമനവും പൂർത്തിയായി. ആവശ്യമായ മരുന്നുകൾ എത്തിച്ചിട്ടുണ്ട്. ആശുപത്രികൾ നാളെ മുതൽ പ്രവർത്തിക്കും. 16 അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ പമ്പ മുതൽ സന്നിധാനം വരെ 16 മുതൽ പ്രവർത്തിക്കും. പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ശബരിമല വാർഡിന്റെ പ്രവർത്തനം നാളെ തുടങ്ങും. പന്തളം വലിയകോയിക്കൽ താത്ക്കാലിക ആശുപത്രി നാളെ പ്രവർത്തനം തുടങ്ങും. ഇവിടെ രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെ ഡോക്ടറുടെ സേവനം ലഭ്യമാക്കും. ആംബുലൻസ് സൗകര്യവും 24 മണിക്കൂറും ഉണ്ടാകും. ജില്ലയിലെ 35 ആംബുലൻസുകൾക്ക് പുറമേ 22 ആംബുലൻസുകൾ മറ്റ് ജില്ലകളിൽ നിന്നും എത്തിയിട്ടുണ്ട്. ഇവയിൽ 13 എണ്ണം 108 ആംബുലൻസുകളും നാലെണ്ണം എഎൽഎസ് ആംബുലൻസുകളുമാണ്. പമ്പ, നിലയ്ക്കൽ, എരുമേലി, ളാഹ, വടശേരിക്കര, പെരുനാട്, പന്തളം, പത്തനംതിട്ട എന്നിവിടങ്ങളിലാണ് ആംബുലൻസ് ഉണ്ടാവുക. പമ്പയിൽ ചെളിക്കുഴി ഭാഗത്ത് ഒരു ആംബുലൻസ് ഉണ്ടാകും. ജനുവരി ഒന്ന് മുതൽ 14 വരെ താത്ക്കാലിക ഡിസ്പെൻസറി കരിമലയിൽ പ്രവർത്തിക്കും. മല കയറുന്ന തീർഥാടകർക്കുള്ള നിർദേശങ്ങൾ അടങ്ങിയ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ ആറ് ഭാഷകളിൽ നിലയ്ക്കൽ മുതൽ സന്നിധാനം വരെയും ജില്ലയിലെ പ്രധാന സ്ഥലങ്ങളിലും സ്ഥാപിക്കും. തീർഥാടന കാലത്ത് ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ നിരന്തര പരിശോധനകൾ നടത്തും. കൊതുകുജന്യ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം തുടങ്ങിയ സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ ആരംഭിച്ചു.

മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.ആർ. എൽ സരിതയുടെ അധ്യക്ഷതയിൽ പത്തനംതിട്ടയിൽ അവലോകന യോഗം ചേർന്നു.

(പ്രത്യേക പത്രക്കുറിപ്പ് : 17/19)

## സന്നിധാനത്ത് അന്നദാനം 16ന് വൈകിട്ട് ആരംഭിക്കും; ഒരേസമയം 2500 പേർക്ക് അന്നദാനം

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് സന്നിധാനത്തെ അന്നദാന വിതരണം ഈ മാസം 16ന് വൈകിട്ട് ആരംഭിക്കും. ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ ഒരേസമയം 2500 പേർക്ക് അന്നദാനത്തിനു സൗകര്യമുണ്ടായിരിക്കും. ഒരു ദിവസം 33000 ഭക്തർക്ക് വരെ അന്നദാന വിതരണം നടത്താനാകും.

അന്നദാനത്തിന് എത്തുന്ന മുഴുവൻ തീർഥാടകർക്കും ഭക്ഷണം നൽകുവാനാണ് ദേവസ്വം ബോർഡ് ലക്ഷ്യമിടുന്നത്. രാവിലെ ഏഴിന് ഉപ്പുമാവ്, കടല കറി, കരിപോട്ടി കാപ്പി, ഉച്ചയ്ക്ക് പൊന്നി പച്ചരി ചോറ്, അഞ്ച് കൂട്ടം കറി, വൈകിട്ട് നാട്ടരി കഞ്ഞി എന്നിവയാണ് പ്രധാനമായും തീർഥാടകർക്കായി ഒരുക്കിയിരിക്കുന്നത്. രാത്രി 11ന് ആവശ്യക്കാർക്ക് ഉപ്പുമാവ് വിതരണം ചെയ്യും. സന്നിധാനത്ത് അന്നദാന വിതരണത്തിന് 200 ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്. (പ്രത്യേക പത്രക്കുറിപ്പ് 18/19)

## പമ്പയിലെ അന്നദാനം 17ന് ആരംഭിക്കും; ഒരേസമയം ആയിരം പേർക്ക് അന്നദാനം

ഈ വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ച്

പമ്പയിലെ അന്നദാനം ഈ മാസം 17ന് ആരംഭിക്കും. പമ്പ അന്നദാന മണ്ഡപത്തിൽ ഒരേസമയം ആയിരം പേർക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യമാണ് ദേവസ്വം ബോർഡ് ഒരുക്കിയിരിക്കുന്നത്. രാവിലെ ഏഴു മുതൽ രാത്രി 11 വരെയാണ് അന്നദാനം നടക്കുക. പ്രഭാത ഭക്ഷണം രാവിലെ ഏഴിനും ഉച്ചയ്ക്ക് ചോറും വൈകിട്ട് കഞ്ഞിയുമാണ് അന്നദാനത്തിനായി ഒരുക്കുന്നത്. ഒരു ദിവസം ശരാശരി ഒൻപതിനായിരം മുതൽ പതിനായിരം പേർക്ക് വരെ പമ്പയിൽ അന്നദാനം വിതരണം ഉണ്ടാകും.

കഴിഞ്ഞ വർഷം ഓരോ ദിവസവും രാവിലേയും ഉച്ചയ്ക്കും ശരാശരി മൂവായിരം പേർ വീതവും വൈകിട്ട് നാലായിരം പേരുമാണ് അന്നദാനത്തിനെത്തിയത്. നാൽപതോളം ജീവനക്കാർ അന്നദാന വിതരണത്തിനായി സേവനത്തിനുണ്ടാകും.

(പ്രത്യേക പത്രക്കുറിപ്പ് 19/19)

## അന്നദാനം: നിലയ്ക്കലിൽ മൂവായിരത്തോളം പേർക്ക് സൗകര്യം

നിലയ്ക്കലിലെ ദേവസ്വം ബോർഡിന്റെ അന്നദാനം 17ന് രാവിലെ ഏഴു മണിക്ക് ആരംഭിക്കും. രാവിലെ ഉപ്പ്മാവ്, കടല, ഉച്ചയ്ക്ക് ഊണ്, വൈകിട്ട് കഞ്ഞി,പയർ എന്നിവയാണ് വിഭവങ്ങൾ. ഒരേസമയം 400 പേർക്ക് അന്നദാനത്തിന് സൗകര്യമുണ്ട്. രാത്രി 11 വരെ അന്നദാന വിതരണം ഉണ്ടാകും. ഒരു ദിവസം ശരാശരി മൂവായിരത്തിലധികം പേർ ഇവിടെ അന്നദാനത്തിനെത്തുമെന്ന് പ്രതീക്ഷിക്കുന്നു. (പ്രത്യേക പത്രക്കുറിപ്പ് 20/19)

## ഫോട്ടോ അടിക്കുറിപ്പ്

2) ശബരിമല തീർഥാടനത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.ആർ.എൽ സരിതയുടെ അധ്യക്ഷതയിൽ പത്തനംതിട്ടയിൽ നടന്ന അവലോകന യോഗം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.